# കേരള ജലസേചന വകുപ്പ്

ഡി.ബി നം.450 /2010

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ
കാര്യാലയം, കെ .പി.ഐ.പി സബ് ഡിവിഷൻ നം. 1,
ഒറ്റപ്പാലം, പിൻ 679104
തിയ്യതി : 14/02/2019

## ദർഘാസ് /പുനർ ദർഘാസ് പരസ്യം

ബഹുമാനപ്പെട്ട കേരള ഗവർണർക്കു വേണ്ടി കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി സബ് ഡിവിഷൻ നമ്പർ.1 അസി എക്സിക്യൂട്ടീവ് എഞ്ചിനിയർ താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കുവേണ്ടി കേരള പൊതുമരാമത്ത് /ജലസേചന വകുപ്പിലെ നിർദിഷ്ട യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരാടിസ്ഥാനത്തിലുള്ളതും മുദ്ര വെച്ചതും പ്രവർത്തിയുടെ പേര് പുറത്ത് ആലേഖനം ചെയ്തിട്ടുള്ളതുമായ കവറുകളിൽ ദർഘാസുകൾ ക്ഷണിക്കുന്നു. അപേക്ഷിക്കുന്ന കരാറുകാർക്ക് ജി.എസ്.ടി രജിസ്ട്രേഷൻ നിർബന്ധമാണ്. അപേക്ഷിക്കുന്ന ദർഘാസുകൾ രജിസ്റ്റേർഡ് /സ്പീഡ് പോസ്റ്റ് വഴി മാത്രം സ്വീകരിക്കുന്നതും (കൊറിയർ സ്വീകരിക്കുന്നതല്ല) ദർഘാസുകൾ താഴെ പറയുന്ന പട്ടികയിലുള്ള നിശ്ചിത തിയതികളിൽ അസി. എക്സി. എൻജിനിയറോ അദ്ദേഹം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ സ്വീകരിക്കുന്നതും നിശ്ചിത സമയത്ത് ഹാജർ ഉള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതുമാകുന്നു. തപാലിൽ വരാവുന്ന കാലതാമസത്തിന് കരാറുകാർ മാത്രം ഉത്തരവാദിയായിരിക്കും . ടെൻഡർ തുറക്കുന്ന ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേസമയത്ത് തുറക്കുന്നതുമായിരിക്കും . പ്രവർത്തിയുടെ ക്രമ നമ്പർ ദർഘാസ് നമ്പർ .പ്രവർത്തിയുടെ പേര് അടങ്കൽ തുക ദർഘാസ് പ്രമാണത്തിന്റെ വില, നിരത ദ്രവ്യം, കരാറുകാരുടെ വിഭാഗം പ്രവർത്തികൾ തീർക്കേണ്ട കാലാവധി എന്നിവ ക്രമമായി താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ടെൻഡർ നമ്പർ | പ്രവർത്തിയുടെ പേരും ഉദ്ദേശ അടങ്കൽ തുകയും | നിരത ദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവർത്തി ചെയ്തു തീർക്കേണ്ട കാലാവധി | കരാറുകാരന്റെ വിഭാഗം |
|---|---|---|---|---|---|---|
| 1 | 11 /2018 -19 | കെ പി ഐ പി വാർഷിക അറ്റകുറ്റ പണികൾ 2018 -19 അടിയന്തി ര പ്രവർത്തികൾ - പൂക്കോട്ടുകാവ് ഗ്രാമ ഗ്രാപഞ്ചായത്തിലൂടെ കടന്നുപോകുന്ന കാഞ്ഞിരപ്പുഴ ഇടതുകര പ്രധാന കനാലിന്റെ ch .40 / 800 കി .മീ ൽ യു. ടി യുടെ കേടുപാടു സംഭവിച്ച സംരക്ഷണ ഭിത്തി പുനർനിർമ്മിക്കുന്ന പ്രവർത്തി . രൂപ 1,87,000/- | 4700 | 525 +നിലവിലെ ജി.എസ്.ടി | 2 മാസം | ഡിയും അതിനുമു കളിലും |
| 2 | 12/2018 -19 | കെ പി ഐ പി വാർഷിക അറ്റകുറ്റ പണികൾ 2018 -19 അടിയന്തി ര പ്രവർത്തികൾ - കാഞ്ഞിരപ്പുഴ ഇടതുകര പ്രധാന കനാലിന്റെ ch .44 / 600 കി .മീ ൽ നിന്നാരംഭിക്കുന്ന സർപ്ലസ് എസ്കേപ്പിന്റെ ലീഡിങ് ചാനൽ പൊളിഞ്ഞു പോയ ഭാഗത്തെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തി . രൂപ 3,00,000/- | 7500 | 630+ നിലവിലെ ജി.എസ്. ടി | 2 മാസം | ഡിയും അതിനുമു കളിലും |

| | | | | | | |
|---|---|---|---|---|---|---|
| 3 | 13 /2018 -19 | കെ പി ഐ പി വാർഷിക അറ്റകുറ്റ പണികൾ 2018 -19 അടിയന്തി ര പ്രവർത്തികൾ - കാഞ്ഞിരപ്പുഴ ഇടതുകര പ്രധാന കനാലിന്റെ വാലറ്റത്തുള്ള മോളൂർ ഭാഗത്തെ വാട്ടർ എസ്കേപ്പ് ചാനലിന്റെ ch 0 മുതൽ 100 മീ വരെയുള്ള ഭാഗത്തെ അടിയന്തിര പുനരുദ്ധാരണ പ്രവർത്തി.<br><br>രൂപ 2,50,000/- | 6250 | 525 +നിലവി ലെ ജി.എസ്. ടി | 2 മാസം | ഡിയും അതിനുമു കളിലും |
| | | **<u>പുനർ ദർഘാസ്</u>** | | | | |
| 4 | 14/2018-19 | കെപിഐപി 2018 -19 സാമ്പത്തിക വർഷത്തെ ഒറ്റപ്പാലത്തെ ഓഫീസ് കെട്ടിടത്തിന്റെയും ക്വർട്ടേഴ്സ് കോംമ്പൗണ്ടിന്റെയും അറ്റ കുറ്റ പണികളും കാടുവെട്ടലും ഇലക്ട്രിഫിക്കേഷനും, പ്ലംബിംഗ് വർക്കുകളും മറ്റ്അറ്റ കുറ്റ പണികളും ചെയ്യുന്ന പ്രവർത്തി .<br>രൂപ : 50,000/- | 1250 | 315+നില വിലെ ജി.എസ്. ടി | 2 മാസം | ഡിയും അതിനുമു കളിലും |

**ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്ന തിയ്യതി :- 20/02/2019 മുതൽ 21/02/2019 1.00 മണി വരെ**

**ദർഘാസുകൾ തപാലിൽ സ്വീകരിക്കുന്ന അവസാന തിയ്യതി :-25/02/2019 വൈകിട്ട് 2 മണി**

**ദർഘാസുകൾ തുറക്കുന്ന തിയ്യതിയും സമയവും :- 25/02/2019 വൈകിട്ട് 3.00 മണി**

ദർഘാസ് ഫോറങ്ങളും മറ്റു വിവരങ്ങളും അസി. എക്സി.എൻജിനിയറുടെ കാര്യാലയത്തിൽനിന്നും മുകളിൽ കാണിച്ചിരിക്കുന്ന തിയ്യതികളിൽ ദർഘാസ് പ്രമാണത്തിന്റെ വിലയടച്ചു രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ്പ്ര മാണത്തിന്റെ വില യാതൊരു കാരണവശാലും മടക്കി കൊടുക്കുന്നതല്ല. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടുള്ളതല്ല . ദർഘാസ് ഫോറത്തിൽ രേഖപ്പെടുത്തുന്ന നിരക്ക് രണ്ട് ദശാംശ സംഖ്യയിലേയ്ക്ക് നിജപ്പെടുത്തേണ്ടതാണ്. കേരള പൊതുമരാമത്ത്/ജലസേചന വകുപ്പുകളിൽ ദർഘാസിനെ സംബന്ധിച്ചുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്. ദർഘാസിനൊപ്പം 200/- (ഇരുനൂറ് )രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ഒപ്പിട്ട് അടക്കം ചെയ്യേണ്ടതും നിരതദ്രവ്യം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ പേരിൽ അദ്ദേഹത്തിനു ഏതു സമയത്തും മാറ്റത്തക്ക വിധത്തിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും ആവശ്യമായ അധികാരപ്പെടുത്തിയതുമായിരിക്കണം. പ്രാഥമിക ഉടമ്പടി അടക്കം ചെയ്തിട്ടില്ലാത്തതും നിരതദ്രവ്യം കെട്ടിവയ്ക്കാത്തതുമായ ദർഘാസുകൾ നിരസിക്കുന്നതാണ്. 1989 ലെ നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8 (2 ) വകുപ്പനുസരിച്ചു പണികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ പ്രവർത്തിയുടെ മൊത്തം ചിലവിന്റെ 1 % (ഒരു ശതമാനം) നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാധ്യസ്ഥനാണ്.

സജിത്ത് എം.എൻ
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർ
(ബഹുമാനപ്പെട്ട കേരള ഗവർണർക്കുവേണ്ടി)

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയറുടെ കാര്യാലയം, കെ .പി.ഐ.പി സബ് ഡിവിഷൻ നം. 1
ഒറ്റപ്പാലം, പിൻ 679104